**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4868** **20-07-2022 - ൽ മറുപടിയ്ക്ക്**

**മിയവാക്കി വനവത്ക്കരണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . സണ്ണി ജോസഫ്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | മിയാവാക്കി വനവത്ക്കരണ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | മിയാവാക്കി വനവത്കരണ പദ്ധതി നടപ്പിലാക്കുന്നതിനായി ടെൻഡർ നടപടികളിലൂടെ പരിചയസമ്പത്തുള്ള ഏജൻസിയെ തെരഞ്ഞെടുത്ത് കേരളത്തിലെ വയനാട്, ഇടുക്കി ജില്ലകൾ ഒഴിച്ച് 12 ജില്ലകളിൽ തെരഞ്ഞടുക്കപ്പെട്ട 22 സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 5,79,89,278/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ടെൻഡറിൽ യോഗ്യത നേടിയ രണ്ട് സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ഈ സ്ഥാപനങ്ങൾക്കുള്ള പ്രവൃത്തി പരിചയം എന്താണെന്നും വ്യക്തമാക്കുമോ; | (ബി) | മിയാവാക്കി പദ്ധതി നടപ്പിലാക്കിയ മുൻ പരിചയത്തിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന 2 സ്ഥാപനങ്ങളാണ് ടൂറിസം വകുപ്പ് നിർദ്ദേശിച്ച മാനദണ്ഡങ്ങൾ അനുസരിച്ച് ടെണ്ടറിൽ യോഗ്യത നേടിയത്.<br>1. M/s.Culture Shoppe Pvt. Ltd, Kowdiar<br>2. M/s.State Agri-Horticultural Development Co-operative Society Ltd. വെടിവെച്ചാൻകോവിൽ |
| (സി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട സെലക്ഷൻ കമ്മിറ്റിക്ക് മുമ്പാകെ പ്രസന്റേഷൻ നടത്തിയ രണ്ട് സ്ഥാപനങ്ങൾക്കും ലഭിച്ച മാർക്ക് എത്രയാണ്; സെലക്ഷൻ കമ്മിറ്റി അംഗങ്ങൾ ആരൊക്കെയാണ്; പ്രസ്തുത കമ്മിറ്റിയിൽ ഏതൊക്കെ അംഗങ്ങൾ പങ്കെടുത്തു; സന്നദ്ധ സംഘടനകൾ/ചാരിറ്റി സൊസൈറ്റി വിഭാഗങ്ങൾക്ക് നൽകുന്ന അഞ്ച് മാർക്ക് രണ്ട് സ്ഥാപനങ്ങളിൽ ഏതിനെങ്കിലും നൽകിയിരുന്നോ; എങ്കിൽ ഇതിന് ആസ്പദമാക്കിയ രേഖ എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | 28.10.2019 ലെ GO(Rt) No.363/2019/TSM നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചുവടെ ചേർക്കുന്ന അംഗങ്ങളെ ഉൾപ്പെടുത്തി കൊണ്ട് മിയാവാക്കി പദ്ധതി നടത്തിപ്പിനുള്ള ഏജൻസിയെ സെലക്ട് ചെയ്യുന്നതിന് സർക്കാർ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>സെക്രട്ടറി, ടൂറിസം വകുപ്പ്- ചെയർപേഴ്സൺ<br>ഡയറക്ടർ, ടൂറിസം വകുപ്പ്- കൺവീനർ<br>ഫിനാൻസ് ഓഫീസർ , ടൂറിസം വകുപ്പ്-ഡയറക്ടറേറ്റ് മെമ്പർ |

| | | | |
|---|---|---|---|
| | | | ശ്രീ. കെ.ജി. മോഹൻലാൽ ഐ.എഫ്.എസ്, ചെയൻമാൻ & മാനേജിംഗ് ഡയറക്ടർ, കെറ്റിഐഎൽ (മെമ്പർ)<br><br>ശ്രീമതി. പദ്മ മൊഹന്തി ഐ.എഫ്.എസ്, കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (E &TW) (മെമ്പർ)<br><br>ഡോ. റ്റി.എസ്. സ്വപ്ന, പ്രൊഫസ്സർ & ഹെഡ്, ബോട്ടണി വകുപ്പ്, യൂണിവേഴ്സിറ്റി ഓഫ് കേരള (മെമ്പർ)<br><br>മേൽ പറഞ്ഞകമ്മിറ്റി അംഗങ്ങൾ എല്ലാപേരും സെലക്ഷൻ കമ്മറ്റി യോഗത്തിൽ പങ്കെടുത്തു.<br><br>ടി ഏജൻസികളുടെ സ്വയം സാക്ഷ്യപ്പെടുത്തൽ/ ഏജൻസി ഹാജരാക്കിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സന്നദ്ധ സംഘടനകൾ/ചാരിറ്റി സൊസൈറ്റി വിഭാഗങ്ങൾക്ക് നൽകുന്ന അഞ്ച് മാർക്ക് ഉൾപ്പെടുത്തിക്കൊണ്ട് 1. M/s.Culture Shoppe Pvt. Ltd, Kowdiar- 68 മാർക്ക്<br><br>2. M/s.State Agri-Horticultural Development Co-operative Society Ltd. വെടിവെച്ചാൻകോവിൽ-44 മാർക്ക് നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ കരാർ 05.06.2020 ലെ 181/2020/ടി.എസ്.എം. ഉത്തരവ് പ്രകാരം ഏത് സ്ഥാപനത്തിനാണ് നൽകിയത്; പ്രസ്തുത കരാറിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ഡി) | ഈ പദ്ധതിയുടെ കരാർ 05.06.2020 ലെ 181/2020/ ടി.എസ്.എം. ഉത്തരവ് പ്രകാരം M/s. Culture Shoppe Pvt. Ltd, Kowdiar എന്ന ഏജൻസിക്കാണ് ലഭിച്ചത്. 17.08.2020 ന് ടൂറിസം ഡയറക്ടറും കൾച്ചറൽ ഷോപ്പി പ്രൈ. ലി. ചേർന്ന് ഒപ്പ വച്ച കരാർ പ്രകാരം 1000 സ്ക്വയർ ഫീറ്റിൽ 400 ചെടികൾ നട്ട് പിടിപ്പിച്ച് വളർത്തുന്നതിനായി മെയിന്റനൻസ് ചാർജ്ജ് ഉൾപ്പെടെ 5,10,000/- രൂപ എന്ന നിരക്കിലാണ് കൾച്ചറൽ ഷോപ്പി എന്ന സ്ഥാപനം ഈ പ്രവർത്തി ചെയ്യേണ്ടത്. ആദ്യത്തെ 6 മാസക്കാലം ഏജൻസി സൗജന്യമായി പരിപാലിക്കണമെന്നും തുടർന്നുള്ള 2 വർഷക്കാലം പെയ്ഡ് മെയിന്റനൻസ് കാലഘട്ടമായിരിക്കുമെന്നും കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ഇ) | പ്രസ്തുത ഉത്തരവ് പ്രകാരം അഞ്ച് ലക്ഷത്തി പതിനായിരം രൂപയ്ക്ക് നൂറ് സ്ക്വയർ മീറ്റർ കാട് വെയ്ക്കുന്നതിന് കരാർ നേടിയ സ്ഥാപനം പിന്നീട് അഞ്ചരക്കോടിയിലധികം രൂപയ്ക്ക് കൂടുതൽ സ്ഥലത്ത് കാട് വെയ്ക്കുവാൻ അപേക്ഷ സമർപ്പിച്ചിരുന്നോ; പ്രസ്തുത അപേക്ഷ ടൂറിസം വർക്കിംഗ് ഗ്രൂപ്പ് പരിഗണിച്ചിരുന്നോ; എങ്കിൽ തീരുമാനം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (ഇ) | ഇല്ല. പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത ഏജൻസി ടെൻഡറിൽ സ്ക്വയർ ഫീറ്റിന് 510/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (Sq.ft. 390/- രൂപ പദ്ധതി നടപ്പിലാക്കാൻ, Sq.ft 120 മെയിന്റനൻസ് ). അതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന്റെ 12 ജില്ലാ ഓഫീസർമാരെക്കൊണ്ട് പദ്ധതി നടപ്പിലാക്കാനുള്ള സ്ഥല ലഭ്യത ഉറപ്പ |

| | | | |
|---|---|---|---|
| | | | വരുത്തുകയും , 12 ജില്ലകളിലായി 22 സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ആയത് പ്രകാരം തെരഞ്ഞെടുത്ത ഏജൻസി ക്വാട്ട് ചെയ്ത തുകയുടെ അടിസ്ഥാനത്തിൽ 5,79,89,279/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ടി എസ്റ്റിമേറ്റ് 24.08.2020 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു. |
| (എഫ്) | പിന്നീട് പ്രസ്തുത സ്ഥാപനത്തിന് അവർ ആവശ്യപ്പെട്ട തുകയ്ക്ക് തന്നെ കരാർ നൽകുവാൻ തീരുമാനിച്ചതിന്റെ കാരണം വ്യക്തമാക്കുമോ; കരാർ പ്രകാരമുള്ള തുകയിലും അളവിലും വ്യത്യാസം ഉണ്ടായിട്ടും റീ-ടെൻഡർ നടത്തുവാൻ തയ്യാറാകാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (എഫ്) | ഇല്ല. പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത ഏജൻസി ടെൻഡറിൽ സ്ക്വയർ ഫീറ്റിന് 510/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (Sq.ft. 390/- രൂപ പദ്ധതി നടപ്പിലാക്കാൻ, Sq.ft 120 മെയിന്റനൻസ് ). അതിന്റെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പിന്റെ 12 ജില്ലാ ഓഫീസർമാരെക്കൊണ്ട് പദ്ധതി നടപ്പിലാക്കാനുള്ള സ്ഥല ലഭ്യത ഉറപ്പ വരുത്തുകയും , 12 ജില്ലകളിലായി 22 സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ആയത് പ്രകാരം തെരഞ്ഞെടുത്ത ഏജൻസി ക്വാട്ട് ചെയ്ത തുകയുടെ അടിസ്ഥാനത്തിൽ 5,79,89,279/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ടി എസ്റ്റിമേറ്റ് 24.08.2020 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് കമ്മറ്റി അംഗീകരിക്കുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ